എ2/329/കെ.ആർ.എസ്.എ/2013

കേരള റോഡ് സുരക്ഷാ അതോറിറ്റി
ട്രാൻസ് ടവേഴ്സ് വഴുതക്കാട്
തിരുവനന്തപുരം
തീയതി; /10/2014
krsaoffice@gmail.com

പ്രേഷകൻ

റോഡ് സുരക്ഷാ കമ്മീഷണർ
കേരള റോഡ് സുരക്ഷാ അതോറിറ്റി
തിരുവനന്തപുരം

സ്വീകർത്താവ്

1. എല്ലാ കളക്ടർമാർക്കും
2. ഡി.പി.ഐ തിരുവനന്തപുരം
3. എല്ലാ ആർ.ടി.ഒ മാർക്കും.

വിഷയം :- കേരള റോഡ് സുരക്ഷാ അതോറിറ്റി സ്കൂൾ അസംബ്ലിയിൽ റോഡ് സുരക്ഷാ പ്രതിജ്ഞ ചെയ്യുന്നത്-- സംബന്ധിച്ച്

സൂചന :- 'സുരക്ഷയ്ക്കായി ഒരു നിമിഷം എന്ന പ്രതിജ്ഞ'

സ്കൂൾ അസംബ്ലികളിൽ, ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന "സുരക്ഷയ്ക്കായി ഒരു നിമിഷം" എന്ന പ്രതിജ്ഞ വിദ്യാർത്ഥികളെ കൊണ്ട് ചൊല്ലിക്കുന്നതിനുള്ള നടപടി കൈകൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

സെക്രട്ടറി, എക്സിക്യൂട്ടീവ് കമ്മിറ്റി,
കേരള റോഡ് സുരക്ഷാ അതോറിറ്റി,
റോഡ് സുരക്ഷാ കമ്മീഷണർക്കുവേണ്ടി.

# പ്രതിജ്ഞ

"സുരക്ഷയ്ക്കായ് ഒരു നിമിഷം"

- ☞ ഞാൻ റോഡിൽ വലത് വശം ചേർന്ന് മാത്രമേ നടക്കുകയുള്ളൂ.
- ☞ വാഹനം ഓടിക്കുമ്പോൾ സീറ്റ് ബെൽറ്റ് ധരിക്കുന്നതിനും ഹെൽമെറ്റ് ഉപയോഗിക്കുന്നതിനും മറ്റുള്ളവരെ പ്രേരിപ്പിക്കും.
- ☞ അപകടത്തിൽപ്പെട്ടുന്നവർക്ക് പ്രഥമ ശുശ്രൂഷ നൽകുന്നതിനും ഉടനടി ആശുപത്രിയിൽ എത്തിക്കുന്നതിനും ഞാൻ മുൻകൈയെടുക്കും.
- ☞ ഞാൻ സീബ്രാലൈനിൽക്കൂടി മാത്രം റോഡ് ക്രോസ് ചെയ്യുകയും അതില്ലാത്ത സ്ഥലങ്ങളിൽ റോഡിന്റെ ഇരുഭാഗങ്ങളും വ്യക്തമായി കാണുന്ന സ്ഥലങ്ങളിൽ മാത്രമേ റോഡ് മുറിച്ച് കടക്കുകയുമുള്ളൂ.
- ☞ വാഹനത്തിൽ നിന്നും ഇറങ്ങിയതിന് ശേഷം വാഹനത്തിന്റെ മുമ്പിലൂടെയോ പുറകിലൂടെയോ ഞാൻ റോഡ് മുറിച്ച് കടക്കില്ല.
- ☞ റോഡ് നിയമങ്ങൾ ഞാൻ ശ്രദ്ധയോടെ അനുസരിക്കുകയും എന്റെ കുടുംബാംഗങ്ങളെ അതനുസരിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യും.
- ☞ 18 വയസ്സ് തികയാതെയും ഡ്രൈവിംഗ് ലൈസൻസ് ഇല്ലാതെയും ഞാൻ ഒരിക്കലും മോട്ടോർ വാഹനം ഓടിക്കില്ല എന്ന് പ്രതിജ്ഞ ചെയ്യുന്നു.

★★★★★★★★★★★★